3. വനാന്തരങ്ങളിലും പോക്കറ്റുകളിലും ഒറ്റപ്പെട്ടു താമസിക്കുന്ന വരും പുനരധിവാസത്തിന് സന്നദ്ധത പ്രകടിപ്പിക്കുന്നവരുമായ ആദിവാസിക ളെയും മറ്റ് ആളുകളെയും മാറ്റി പാർപ്പിക്കുക.

4. വനത്തിനും, വന്യജീവികൾക്കും, വനപ്രദേശത്തും സമീ പത്തും താമസിക്കുന്ന ജനങ്ങൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

(ബി)1. വന്യജീവികളുടെ ആക്രമണത്തിനിരയായി ജീവന് നഷ്ടം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകി വരുന്ന നഷ്ടപരിഹാരം നിലവി ലുള്ള 10,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

2. വനാതിർത്തിയിൽ കിടങ്ങുകൾ കുഴിയ്ക്കുക, കമ്പിവേലികൾ നിർമ്മിക്കുക എന്നിവയുടെ ഭാഗമായി വയനാട് ജില്ലയിൽ 185 കി.മീ. വനാ തിർത്തിയിൽ വൈദ്യുത കമ്പിവേലിയും 65 കി.മീ. നീളത്തിൽ കിടങ്ങും നിർമ്മിച്ചിട്ടുണ്ട്.

3. പുനരധിവസിക്കപ്പെടുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച കൊട്ടങ്കര, കുണ്ടുചിറ, വെള്ളക്കോട്, പുത്തൂർ, പിലക്കാവ്, അരക്കുഞ്ഞി, തേക്കുറവയൽ, കുമ്പ്രംകൊല്ലി എന്നീ എട്ടു കോളനികളിലുള്ള 128 കുടുംബങ്ങളെ അരിവയൽ വനപ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള 185 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതി സർക്കാർ പരിഗണിച്ചു വരുന്നു.

50 (342) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

— ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ കൃഷി നശിപ്പിക്കപ്പെടുന്ന കർഷ കർക്ക് നൽകുന്ന നഷ്ടപരിഹാരം ന്യായയുക്തമായി വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(ബി) നഷ്ടപരിഹാരത്തുക യഥാസമയം നൽകുന്നതിനുവേണ്ട നട പടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവി ആക്രമണത്തിൽ കൃഷി നശിക്കപ്പെടുന്ന കർഷ കർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ സാക്ഷ്യപ്പെടുത്തി ലഭിച്ചാൽ താമസംവിനാ തുക ഫണ്ടിലെ ലഭ്യത അനുസരിച്ച് നൽകിവരുന്നു ണ്ട്.

51 (343) വന്യജീവി ആക്രമണം തടയാൻ നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി ആക്രമണത്തിൽ കർഷകരുടെ സ്വത്തും ജീവനും നഷ്ടപ്പെടുന്നത് ശാശ്വതമായി ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

വന്യജീവി ആക്രമണത്തിൽ കർഷകരുടെ സ്വത്തും ജീവനും നഷ്ടപ്പെടുന്നത് ശാശ്വതമായി ഒഴിവാക്കുന്നതിനുവേണ്ടി വിവിധ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. വന്യജീവി വിഭാഗത്തിൽ, വന്യജീവികളുടെ ആക്രമണത്തിൽനിന്നും കർഷകരുടെ സ്വത്തും ജീവനും നഷ്ടപ്പെടുന്നത് തടയാൻ അതിർത്തിയിൽ കിടങ്ങുകൾ കുഴിക്കുക, വൈദ്യുത കമ്പിവേലികൾ കെട്ടുക, എലിഫന്റ് പ്രൂഫ് ഭിത്തികൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ വന്യജീവികളുടെ സുഗമമായ സഞ്ചാരത്തിനും മനുഷ്യരുമായുള്ള സംഘർഷം കുറയ്ക്കുന്നതിനും പൊതുജനങ്ങളുടെ കൈവശത്തിലുള്ള ആനത്താരകളും മറ്റും ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നുണ്ട്.

52 (344) വനം വകുപ്പിലെ പുതിയ തസ്തികകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 1998-99-ൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(ബി) 1999 ഏപ്രിൽ 1-നുശേഷം ഏതെങ്കിലും ഗസറ്റഡ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവ നിലവിൽ വന്നതുമൂലം പ്രൊമോഷൻ ലഭിച്ചവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ തസ്തികകൾ അനുവദിക്കുന്നതിനുമുമ്പ് സെക്രട്ടറിതല കമ്മിറ്റിയുടെ ശുപാർശ വാങ്ങിയിരുന്നോ;

(ഇ) ഈ തസ്തികകൾ പ്ലാനിൽപ്പെടുത്തിയാണോ നോൺപ്ലാനിൽപ്പെടുത്തിയാണോ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ 1998-99-ൽ ചുവടെ പറയുന്ന 14 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1.	റെയിഞ്ചോഫീസർ	-	4
2.	യു.ഡി.ക്ലാർക്ക്	-	2
3.	എൽ.ഡി.ക്ലാർക്ക്	-	2
4.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	1
5.	ഫോറസ്റ്റർ	-	2
6.	കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	2

LIBRARY ARCHIVES Kerala Legislative Assembly